# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ്

### ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ: 05

കർത്താവിൽ പ്രിയരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമായ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം, അതിന്റെ പ്രവർത്തനസരണിയിൽ 120-ാം വർഷത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. 'യേശുവിങ്കലേക്കു വരിക, എല്ലാ കുട്ടികളെയും യേശുവിങ്കലേക്കു കൊണ്ട് വരിക' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മാർത്തോമ്മാ സൺഡേസ്കൂൾ സമാജം, ഇന്ന് വിവിധ രാജ്യങ്ങളിൽ, വിവിധ ഭാഷകളിൽ, വിവിധ സംസ്കാരങ്ങളിൽ ജനിച്ചു വളർത്തപ്പെടുന്ന നമ്മുടെ കുഞ്ഞുങ്ങളുടെ അദ്ധ്യാത്മിക വളർച്ച ലക്ഷ്യമാക്കി യത്നിച്ചുകൊണ്ടിരിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ക്രിസ്തുവിനെ കാട്ടി കൊടുക്കുവാനും, യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കത്തക്കവിധത്തിൽ അവരെ നയിക്കാനും ഈ നാളുകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കണം. അതോടൊപ്പം കുട്ടികളെ സഭയുമായും, സമാജവുമായും ബന്ധിപ്പിക്കുന്നതിനും നമുക്ക് സാധിക്കണം.

സമാജത്തിന്റെ വിവിധ പ്രവർത്തന പദ്ധതികളായ ആശ്രയ, സുഗന്ധഗിരി, സി. ഇ. സി. ചരൽക്കുന്ന് എന്നിവയുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. കാലാനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി "ദൈവ സ്നേഹത്തിൽ വളരുക" എന്ന മുഖ്യ ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒന്നാം വാല്യം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. രണ്ടാം വാല്യത്തിന്റെ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

നവംബർ മാസം 3-ാം തീയതി ഞായറാഴ്ച നാം അഖില ലോക സൺഡേസ്കൂൾ ദിനമായി ആഘോഷിക്കുകയാണല്ലോ. സൺഡേസ്കൂൾ സമാജം പ്രവർത്തകരെയും പ്രവർത്തനങ്ങളെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നതിനു ആ ദിവസം വേർതിരിക്കണം. അന്നേദിവസം നമ്മുടെ കുട്ടികൾക്കും അദ്ധ്യാപകർക്കും ആരാധനയിൽ പ്രാമുഖ്യം നൽകണം. അതോടൊപ്പം ആ ദിവസത്തെ സ്തോത്രകാഴ്ചയിൽ എല്ലാവരും ഔദാര്യമായി പങ്കുചേരുകയും, സമാജം പ്രവർത്തനത്തിനുള്ള ദൈനംദിന ചിലവുകൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ അവ മുഴുവനായും സമാജം ഓഫീസിൽ അടയ്ക്കുവാൻ ചുമതലക്കാർ ശ്രദ്ധിക്കണം.

സമാജം ഓഫീസിന്റെ പ്രവർത്തനം പുതിയതായി നിർമ്മിച്ച സഭാ സെക്രട്ടറിയേറ്റിൽ ആരംഭിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. സെക്രട്ടറിയേറ്റ് നിർമ്മാണത്തിന്റെ ഭാഗമായി സഭാ ഓഫീസിൽ അടയ്ക്കേണ്ട വിഹിതവും ഫർണിഷിങ് ചിലവുകളും ഉൾപ്പടെ രണ്ടു കോടിയോളം രൂപ സമാജമായി ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. ഇതിന്റെ ധനസമാഹരണാർത്ഥം, ഭാരതത്തിലെ ഓരോ സൺഡേസ്കൂൾ അദ്ധ്യാപകരും 500 രൂപയും, ഓരോ വിദ്യാർത്ഥിയും 100 രൂപയും; ഭാരതത്തിനു പുറത്തുള്ള സൺഡേസ്കൂളിലെ അദ്ധ്യാപകർ 1000 രൂപയും വിദ്യാർത്ഥികളിൽ നിന്ന് 250 രൂപയും എന്ന നിലയ്ക്ക് നൽകണം എന്ന് താത്പര്യപ്പെടുന്നു.

കഴിഞ്ഞ ആറു വർഷക്കാലം (2018-2024) സമാജം ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച ദിവ്യശ്രീ. ജോർജ് ചെറിയാൻ കശീശ്ശായോടും, 2021-2024 കാലയളവിൽ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ച പ്രൊഫ. ജേക്കബ് കോശി, ട്രഷറാർ ശ്രീ. സജു മാത്യു എന്നിവരോടും, സമാജം മാനേജിങ് കമ്മിറ്റി അംഗങ്ങളോടുമുള്ള സന്തോഷവും സ്നേഹവും അറിയിക്കുന്നു. 2024-2027 കാലയളവിലേക്ക് വൈസ് പ്രസിഡന്റായി ശ്രീ. ടി ജി ജോൺസൺ, ജനറൽ സെക്രട്ടറിയായി ദിവ്യശ്രീ. സജേഷ് മാത്യൂസ് കശീശ്ശാ, ട്രഷററായി ശ്രീ. മാത്യൂസൺ പി തോമസ് എന്നിവരെ പൊതുയോഗം തിരഞ്ഞെടുക്കുകയും ചുമതലയിലേക്ക് പ്രവേശിക്കുകയും ചെയ്തു. അവരുടെ ശുശ്രൂഷകൾ സൺഡേസ്കൂൾ സമാജത്തിനു അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കുഞ്ഞുങ്ങളുടെ സൺഡേസ്കൂൾ അഭ്യസനം അവരിൽ ആത്മീയ ദർശനവും ആദർശ ശുദ്ധിയും ദൈവിക ബോധവും വളർത്തുവാൻ ദൈവം ഇടയാക്കട്ടെ.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2024 ഒക്ടോബർ മാസം 3-ാം തീയതി, കോഴിക്കോട് മാർത്തോമ്മാ സെന്ററിൽ നിന്നും,

Makarios +

**ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
സമാജം പ്രസിഡന്റ്